LIBRARY ARCHIVES Kerala Legislative Assembly

(സി) കാത്ത് ലാബിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സർക്കാർ ഇടപെടൽ ഉണ്ടാവുമോയെന്ന് വിശദമാക്കാമോ?

മാനന്തവാടി ജില്ലാ ആശുപത്രിയിൽ സ്ഥാപിക്കുന്ന കാത്ത് ലാബ് നിർമ്മാണത്തിന്റെ സ്ട്രക്ചറൽ വർക്കും CCU വാർഡിന്റെ പ്രവൃത്തികളും കേരള ഹെൽത്ത് റിസർച്ച്& വെൽഫെയർ സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യു.എസ്.)-യെ ഏൽപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സ്ട്രക്ചറൽ വർക്ക് പൂർത്തിയായിക്കഴിഞ്ഞു. ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ പുരോഗമിക്കുന്നു.

കോന്നി മെഡിക്കൽ കോളജിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

178 (1544) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മെഡിക്കൽ കോളജിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ ലഭിച്ചിട്ടുള്ള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ടോ?

കോന്നി മെഡിക്കൽ കോളജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുത്ത രണ്ടു സ്ഥാപനങ്ങളിൽ പ്രവൃത്തിക്കായി കൂടുതൽ തുക കാണിച്ച സ്ഥാപനം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതിനാൽ വർക്ക് അവാർഡ് ചെയ്യുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തുടർ ഉത്തരവുകൾക്ക് വിധേയമായിട്ടേ സാധിക്കുകയുള്ളൂ.

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യം

179 (1545) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കോഴിക്കോട് ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ INKEL ഏജൻസി മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 164.16 കോടി രൂപയുടെ ഭരണാനുമതിയും 86.804 കോടി രൂപയുടെ കിഫ്ബി സാമ്പത്തികാനുമതിയും ആയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർജിക്കൽ ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അമനിറ്റീസ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കുകയും കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്ന നടപടികളും ഒ.പി. ബ്ലോക്കിന്റെ നവീകരണവും ജറിയാട്രിക് വാർഡിന്റെ നവീകരണവും കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണവും പുരോഗമിക്കുന്നു.

പാറശ്ശാലയിലെ ആശുപത്രികളിലെ അംഗീകൃത സ്റ്റാഫ് പാറ്റേൺ

180 (1546) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലെയും പി.എച്ച്.സി./സി.എച്ച്.സി./എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

ഉത്തരം അനുബന്ധം I*ആയി ചേർത്തിരിക്കുന്നു.

(ബി) അനുവദനീയ അംഗബലത്തിനും താഴെ മെഡിക്കൽ ഓഫീസർമാരും ജീവനക്കാരും ഉള്ള ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം അനുബന്ധം II * ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

സ്ഥാനക്കയറ്റം മുഖേനയും പി.എസ്.സി. മുഖേനയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.